പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.238 — 18/02/2016-ലെ മറുപടിക്ക്

## പുതിയ ഹോമിയോ ഡിസ്‌പെൻസറികൾ

**ചോദ്യം**

ശ്രീ. എം.എ. വാഹീദ്
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്‌പെൻസറികൾ തുടങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന വാർഷിക പദ്ധതി പ്രകാരം പുതിയ ഹോമിയോ ഡിസ്‌പെൻസറികൾ ആരംഭിക്കുന്നതിന് വേണ്ടി (2015-16-ൽ ഒഴികെ) പദ്ധതി നിലവിലുണ്ട്. ആയതു പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 110 പുതിയ സർക്കാർ ഹോമിയോ ഡിസ്‌പെൻസറികൾ ജനറൽ സെക്ടറിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | പുതിയ സർക്കാർ ഹോമിയോ ഡിസ്‌പെൻസറികളിലൂടെ പ്രധാനമായും പൊതുജനങ്ങൾക്ക് സൗജന്യ ഹോമിയോപ്പതി ചികിത്സാ സേവനം നൽകുക, സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക, മദ്യം/ മയക്കുമരുന്ന് വിമോചന ചികിത്സ നൽകുക, കുട്ടികളില്ലാത്ത ദമ്പതിമാർക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ ഫലപ്രാപ്തി നൽകുക, മാനസിക-ബൗദ്ധിക വൈകല്യങ്ങളുള്ള കുട്ടികൾക്കും, കൗമാരപ്രായക്കാർക്കും ഹോമിയോപ്പതി ചികിത്സയിലൂടെ വ്യക്തിത്വവൈകല്യം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പുതിയ ഡിസ്‌പെൻസറികൾ അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ